(iii) UNSTARRED QUESTIONS AND ANSWERS

മണനാക്കു്—ചെറുന്നിയൂർറോഡു്

72. [1] ശ്രീ. സി, കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുന്നു ബസ്സുകളും ഓടുന്ന മണനാക്കു്—ചെറുന്നിയൂർ റോഡു് മെറ്റൽ ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അടിയന്തിരമായി ഈ റോഡു് വളവുകളും തീർത്തു് മെറ്റൽ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ധനദൌർല്ലഭ്യം കാരണം പണി ഇപ്പോൾ തുടങ്ങുവാൻ സാദ്ധ്യമല്ല.

പാലം പണി

73. [2] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരിയിൽ തുരുത്തിദേശത്തു് കോട്ടയം തോടിലുള്ള ഗോവേണിപ്പാലം ഇല്ലാതായിട്ടു എത്ര നാളായി ;

(ബി) അവിടെ ഒരു പാലം പണിയുകിട്ടുന്നതിനുവേണ്ടി പൊതുജനങ്ങൾ നിരന്തരമായി നിവേദനം നടത്തിയിട്ടും നാളുവരെ യാതൊന്നും പ്രവർത്തിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു് ;

(സി) ആയതിലേക്കു് വേണ്ട നടപടികളും ഉടൻതന്നെ കൈക്കൊള്ളുമോ ?

ഉത്തരം.

(എ) ഏകദേശം ഒരു വർഷം.

(ബി, സി) വിവരം ഗവണ്മെൻറിന്റെ അറിവിൽപ്പെടുകയും അതിന്റെ ഫലമായി വേണ്ട നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഒരു പാലം പണിയുന്നതിനു് വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ടു്.

കോട്ടയത്തുകടവു–തേവള്ളിപാലം

74. [3] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്തുകടവു്–തേവള്ളിപാലത്തിന്റെ പണിക്കു് കഴിഞ്ഞ സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക കുറവാണെന്നുകണ്ടു് കൂടുതൽ തുക അനുവദിച്ചുകിട്ടുന്നതിനു് കൊല്ലം ജില്ലാ ഡെവലപ്പുമെൻറു് കൌൺസിലിൽ നിന്നും റസല്യൂഷൻ പാസ്സാക്കി ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റസല്യൂഷന്റെ വെളിച്ചത്തിൽ എന്തെങ്കിലും തുക കൂടുതലായി അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ പ്രസ്തുത പാലത്തിന്റെ പണി ഇനിയും നീണ്ടുപോകാതിരിക്കാൻ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly